**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2705** **24-02-2026 - ൽ മറുപടിയ്ക്ക്**

**വ്യത്യസ്ത വെബ്സൈറ്റുകൾ വഴി നടപ്പാക്കുന്ന പദ്ധതികളുടെ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പല പദ്ധതികളും നടപ്പാക്കുന്നത് വ്യത്യസ്ത വെബ്സൈറ്റുകൾ വഴിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇ-ഹൗസിംഗ്, ഇ-ഗ്രാന്റ്സ് തുടങ്ങിയ ഒരേ വകുപ്പിലെ വ്യത്യസ്ത പദ്ധതികൾ വ്യത്യസ്ത വെബ്സൈറ്റുകൾ വഴി കൈകാര്യം ചെയ്യുന്നതിനെ തുടർന്ന് അപേക്ഷകർ നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഈ വിഷയത്തിൽ അപേക്ഷകർ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മേൽപ്പറഞ്ഞ പദ്ധതികൾ ഏകീകരിക്കുന്നതിനും ഒരേ വെബ്സൈറ്റിൽ വ്യത്യസ്ത പേജുകളാക്കി ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | വകുപ്പിന്റെ വിവിധ പദ്ധതികൾ കൈകാര്യം ചെയ്യുന്ന എല്ലാ സൈറ്റുകളും പട്ടികജാതി വികസന വകുപ്പിന്റെ പുതുതായി നിർമിക്കുന്ന വെബ് സൈറ്റിൽ വ്യത്യസ്ത പേജുകളാക്കി ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ